# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1855   16.06.2014-ൽ മറുപടിയ്ക്ക്**

**<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവർ ഉൾപ്പെട്ടിരുന്നു; ഓരോ രാഷ്ട്രീയ കൊലപാതകത്തിലെയും പ്രതികൾ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരായിരുന്നു; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഏതെല്ലാം രാഷ്ട്രീയ കൊലപാതക കേസുകളാണ് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിയിട്ടുള്ളത് ; | (ബി) മേല്പറഞ്ഞ 18 രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്റർ ചെയ്ത 17 കേസുകളിൽ മനോജൻ, അനീഷ് രാജൻ, ടി. പി. ചന്ദ്രശേഖരൻ എന്നീ 3 കേസു കളാണ് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിയിട്ടുള്ളത്. |
| സി) ഏതെല്ലാം രാഷ്ട്രീയ കൊലപാതക കേസുകളിൽ ഗൂഢാലോചന സംബന്ധിച്ച പ്രത്യേക അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു ; ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന ഗൂഢാലോചന കേസുകൾ ഏതൊക്കെ ; വ്യക്തമാക്കാമോ ? | (സി) കോഴിക്കോട്ടെ ബി.എം.എസ്. പ്രവർത്തകനായ മനോജനെ കൊലപ്പെടുത്തിയ കേസിലും, ഇടുക്കിയിലെ എസ്. എഫ്. ഐ. പ്രവർത്തകനായ അനീഷ് രാജിനെ കൊലപ്പെടുത്തിയ കേസിലും കോഴിക്കോട്ടെ ആർ.എം.പി. പ്രവർത്തകനായ ടി.പി. ചന്ദ്രശേഖരനെ കൊലപ്പെടുത്തിയ കേസിലും ഗൂഢാലോചന സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി. പി. ചന്ദ്രശേഖരന്റെ കൊലയ്ക്ക് പിന്നിലെ ഗൂഢാലോചനയുമായി ബന്ധപ്പെട്ട് ചോമ്പാല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 233/12 നമ്പർ കേസ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) അന്വേഷിച്ച് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഈ കൊലയ്ക്ക് പിന്നിൽ ഉന്നതതല ഗൂഢാലോചന നടന്നിട്ടുണ്ട് എന്ന ശ്രീമതി. രമയുടെ പരാതിയുടെ അടിസ്ഥാനത്തിൽ എടച്ചേരി പി. എസ്സിൽ ക്രൈം നം. 85/14 കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം ഉത്തര മേഖല അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | കൊലചെയ്യപ്പെട്ടവരുടെ പേര് | കൊലചെയ്യപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധം | പ്രതികളുടെ രാഷ്ട്രീയ ബന്ധം |
|---|---|---|---|
| 1 | അഷ്റഫ് | സി.പി.ഐ. (എം) | ബി.ജെ.പി/ആർ.എസ്.എസ്. |
| 2 | സി.ടി. അൻവർ | ഐ.യു.എം.എൽ | സി.പി.ഐ. (എം) |
| 3 | ഷാരോൺ | ബി.ജെ.പി/ആർ.എസ്.എസ്. | സി.പി.ഐ. (എം) |
| 4 | മനോജൻ | ബി.എം.എസ്. | സി.പി.ഐ. (എം) |
| 5 | അബ്ദുൽ ഷുക്കൂർ | ഐ.യു.എം.എൽ. | സി.പി.ഐ. (എം) |
| 6 | അനീഷ് രാജൻ | എസ്.എഫ്.ഐ. | കോൺഗ്രസ് |
| 7 | വിനീഷ് | ഡി.വൈ.എഫ്.ഐ. | ബി.ജെ.പി/ആർ.എസ്.എസ്. |
| 8 | ടി.പി. ചന്ദ്രശേഖരൻ | ആർ.എം.പി. | സി.പി.ഐ. (എം) |
| 9 | എം. ബി. ബാലകൃഷ്ണൻ | സി.പി.ഐ. (എം) | കോൺഗ്രസ് |
| 10 | ഷാജിൻ ഷാഹുൽ | എസ്.എഫ്. ഐ. | എ.ബി.വി.പി/ആർ.എസ്.എസ്. |
| 11 | ഫാസിൽ | ഡി.വൈ.എഫ്.ഐ. | ബി.ജെ.പി. |
| 12 | നാരായണൻ നായർ | സി.പി.ഐ. (എം) | ബി.ജെ.പി/ആർ.എസ്.എസ്. |
| 13 | ഹംസ | ഐ.യു.എം.എൽ. (എപി) (ഡി.വൈ.എഫ്.ഐ. അനുഭാവികൾ ) | ഐ.യു.എം.എൽ . (ഇ.കെ.) ഐ.യു.എം.എൽ. അനുഭാവികൾ |
| 14 | നൂറുദ്ദീൻ | | |
| 15 | വിനോദ് കുമാർ | ബി.ജെ.പി/ആർ.എസ്.എസ്. | സി.പി.ഐ. (എം) |
| 16 | അനൂപ് | ഹിന്ദു ഐക്യ വേദി/ബി.ജെ.പി | സി.പി.ഐ. (എം) |
| 17 | ശ്രീരാജ് | സി.പി.ഐ. (എം) | ബി.ജെ.പി/ആർ.എസ്.എസ്. |
| 18 | രാജൻ പിള്ള | ബി.ജെ.പി. | സി.പി.ഐ. (എം) |

സെക്ഷൻ ഓഫീസർ